**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2797** **28-02-2023 - ൽ മറുപടിയ്ക്ക്**

**പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പ്രധാന ദേശീയ, സംസ്ഥാന പാതകളുടെ വശങ്ങളിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി മുഖേന മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | പ്രധാന ദേശീയ, സംസ്ഥാന പാതകളുടെ വശങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ വഴിയോരത്തണൽ പദ്ധതിയിൽ ഉൾപ്പെടുത്തി മരങ്ങൾ നട്ടുപിടിപ്പിച്ചുവരുന്നുണ്ട്. |
| (ബി) | ഇപ്രകാരം നടുന്ന തണൽ മരങ്ങളിൽ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ കൂടുതലായി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇപ്രകാരം നടുന്ന തണൽ മരങ്ങളിൽ തദ്ദേശീയമായ ഫലവൃക്ഷത്തൈകൾ കൂടുതൽ ഉൾപ്പെടുത്തി വരുന്നു. എന്നാൽ മാവ്, പ്ലാവ് എന്നീ വൃക്ഷ ശിഖരങ്ങളുടെ വളർച്ചാസാധ്യത കൂടുതലായതിനാലും ഫലങ്ങൾ പാതകളിൽ വീണ് അപകടം ഉണ്ടാകാൻ സാധ്യത കൂടുതലുള്ളതിനാലും ടി വൃക്ഷങ്ങൾ പാതയോരങ്ങളിൽ നട്ടുപിടിപ്പിക്കുന്നത് അഭികാമ്യമല്ല. |

സെക്ഷൻ ഓഫീസർ